കൈയിൽ വെയ്ക്കുന്നതല്ല, കള്ളപ്പണനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ പരസ്യമാക്കുന്നതാണ്, ഈ രാജ്യങ്ങളിൽ ശിക്ഷാർഹം.

തങ്ങൾ കയററിയയയ്ക്കുന്ന സാധനങ്ങളുടെ വില കുറച്ചു കാണിച്ചും, ഇറക്കുമതിചെയ്യുന്ന സാധനങ്ങളുടെ വില പെരുപ്പിച്ചു കാണിച്ചും, വിദേശങ്ങളിൽ കുറെ പണം സമ്പാദിക്കാൻ വ്യാപാരികൾക്കു പ്രയാസമില്ല. ഒരു ചെറിയ ഫീസ്സുകൊടുത്താൽ, മറെറാരു വ്യവസ്ഥയും കൂടാതെ, കമ്പനികൾ രജിസ്റ്റർചെയ്യാൻ അനുവദിക്കുന്ന ചില രാജ്യങ്ങളുണ്ട്. ഇങ്ങനെ രജിസ്റ്റർ ചെയ്ത കൃത്രിമക്കമ്പനികളുടെ പേരിൽ മററു രാജ്യങ്ങളിൽ നല്ല നിലയിൽ നടന്നുവരുന്ന കമ്പനികളും വ്യവസായസ്ഥാപനങ്ങളും വിലയ്ക്കു വാങ്ങുകയോ, ഭൂസ്വത്തു സമ്പാദിക്കുകയോ ഒക്കെ ചെയ്യാം.. ഇത്തരം ഇടപാടുകളിൽ കള്ളപ്പണക്കാരെ സഹായിക്കുന്ന വിദഗ്ദ്ധർ എല്ലാ രാജ്യങ്ങളിലുമുണ്ട്. നിയമത്തിന്റെ പിടിയിൽനിന്ന് കള്ളപ്പണക്കാരെ രക്ഷിക്കുന്നതിൽ പേരുകേട്ട വക്കീലന്മാർ എവിടെയാണില്ലാത്തത്?

ആയിരത്തഞ്ഞൂറുകോടി രൂപയോളംവരുന്ന ഒരു തുക സ്വിസ്ബാങ്കുകളിൽ ഇന്ത്യക്കാർ നിക്ഷേപിച്ചിട്ടുള്ളതായി പറഞ്ഞുകേൾക്കുന്നു. യഥാർത്ഥത്തിൽ ഇതിലും വലിയതാകാം സ്വിസ്ബാങ്കുകളിൽ ഇന്ത്യക്കാരുടെ നിക്ഷേപം. സ്വിററ്സർലണ്ടിനു പുറമേ ലിക്തൻസ്റ്റൈൻ, മൊണാകോ, വത്തിക്കാൻ മുതലായ യൂറോപ്യൻരാജ്യങ്ങളിലും, ബഹ്റിൻ, ദുബായ് മുതലായ പശ്ചിമേഷ്യൻ രാജ്യങ്ങളിലും, ഹോങ്കോങ്ങിലും, വേറേയും പല രാജ്യങ്ങളിലും, കള്ളപ്പണനിക്ഷേപസൗകര്യങ്ങളുണ്ട്. ഒരു നോട്ടീസുംകൂടാതെ ഈ പണം പിൻവലിക്കുകയും, മററു രാജ്യങ്ങളിലേക്കു കടത്തുകയും, ഭീകരപ്രവർത്തനങ്ങൾ, രാഷ്ട്രീയങ്ങളായ അട്ടിമറികൾ, മയക്കുമരുന്നു വ്യാപാരം മുതലായവയിൽ അതു നിക്ഷേപിക്കുകയും ആവാം. ഈവക കാര്യങ്ങളെപ്പററി നാം കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്.

ഇപ്പോഴത്തെ അപവാദങ്ങളെ രാജീവ്ഗാന്ധി അതിജീവിച്ചു എന്നുവരാം. 1989 വരെ അദ്ദേഹം പ്രധാനമന്ത്രിയായി തുടരുകയുംചെയ്തേക്കാം. പക്ഷേ, ഈ അപവാദങ്ങളുടെ ഫലമായി അദ്ദേഹത്തിന്റെ 'കരിശ്മയും', പ്രവർത്തനശേഷിയും വളരെയധികം കുറയാനാണ് സാദ്ധ്യത. 'ഈരാൻ' അപവാദത്തിനുശേഷം റെയ്ഗൻ അമേരിക്കയിലെ 'ഞൊണ്ടിത്താറാവ് പ്രസിഡണ്ട്' ആയിരിക്കുകയാണല്ലോ. 'ഫെയർഫാക്സി'നുശേഷം രാജീവ്ഗാന്ധിയെ ഇന്ത്യയിലെ 'ഞൊണ്ടിത്താറാവ് പ്രധാനമന്ത്രി'യായി ചിലരെങ്കിലും കരുതിക്കൂടായ്കയില്ല.

(25, ഏപ്രിൽ, 1987)

# 21. കേന്ദ്രത്തിൽ കോൺഗ്രസ്സിന് ഒരു വികൽപ്പം

ശ്രീ രാജീവ്ഗാന്ധിയെ പ്രധാനമന്ത്രിസ്ഥാനത്തുനിന്നു പിരിച്ചുവിടാൻ താൻ ഉദ്ദേശിക്കുന്നു എന്ന അർത്ഥത്തിലുള്ള പത്രവാർത്തകൾ തികച്ചും അടിസ്ഥാനമില്ലാത്തവയാണ് എന്ന് മെയ് 3—ാം തീയതി രാഷ്ട്രപതി സെയിൽസിംഹ് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുകയുണ്ടായി. പാർല

മെൻറിലെ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയുള്ള ഒരു പ്രധാനമന്ത്രിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം രാഷ്ട്രപതിക്കു നമ്മുടെ ഭരണഘടന നൽകുന്നില്ല. എന്നിട്ടും, അത്തരമൊരു അനധികൃതപ്രവൃത്തി രാഷ്ട്രപതി ചെയ്തേക്കുമെന്ന ആശങ്ക രാഷ്ട്രീയവൃത്തങ്ങളിൽ പ്രചരിച്ചു എന്നതു കണക്കിലെടുക്കേണ്ട ഒരു വസ്തുതയാണ്. നമ്മുടെ രാഷ്ട്രത്തിന്റെ ഉത്തരവാദപ്പെട്ട അധികാരസ്ഥാനങ്ങളിൽ ഇപ്പോൾ ഇരിക്കുന്നവരുടെ ബുദ്ധിശൂന്യതയ്ക്കും വിവേകരാഹിത്യത്തിനും ഇതിൽപ്പരം തെളിവ് ആവശ്യമില്ല.

രാഷ്ട്രപതിയുടെ കാര്യം വിട്ടുകളഞ്ഞാൽത്തന്നെ, പ്രധാനമന്ത്രി നേതൃത്വം വഹിക്കുന്ന പാർലമെൻററി കോൺഗ്രസ് പാർട്ടി ആഭ്യന്തരമത്സരങ്ങൾകൊണ്ടു ദുർബലമായിരിക്കുകയാണ്. സ്വിററ്സർലണ്ടിലെ ബാങ്കുകളിൽ രഹസ്യമായി ചില ഇന്ത്യക്കാർ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണത്തിന്റെ വിവരം കണ്ടുപിടിക്കുന്നതിന് 'ഫെയർഫാക്സ്' എന്ന അമേരിക്കൻ രഹസ്യാന്വേഷണക്കമ്പനിയുടെ സഹായം തേടിയതിന്റെ ഫലമായി ധനകാര്യമന്ത്രിയും പിന്നീട് രാജ്യരക്ഷാമന്ത്രിയുമായിരുന്ന ശ്രീ വി. പി. സിംഹിന് മന്ത്രിസഭയിൽനിന്നു രാജിവെക്കേണ്ടിവന്നു. പടിഞ്ഞാറേ ജർമനിയിൽനിന്നു നാവികസേനയിലേക്ക് ഏതാനും മുങ്ങിക്കപ്പലുകൾ വാങ്ങിയപ്പോൾ കപ്പൽക്കമ്പനിക്കാരിൽനിന്നു കോഴയായി വലിയ തുകകൾ ഇന്ത്യയിൽ ആർക്കെല്ലാമോ കിട്ടുകയുണ്ടായി എന്ന ആരോപണത്തെപ്പററി രാജ്യരക്ഷാവകുപ്പ് ഒരു അന്വേഷണം നടത്തണമെന്ന് ആജ്ഞാപിച്ചശേഷമാണ് ശ്രീ വി.പി. സിംഹ് മന്ത്രിസഭ വിട്ടതു്. ഇതിനു തൊട്ടുപുറകെയാണ് സ്വീഡനിലെ ബോഫോർസ് എന്ന ആയുധനിർമാതാക്കളിൽനിന്നു കുറെ അധികം പീരങ്കികൾ നമ്മുടെ സേനയിലേക്കു വാങ്ങുകയുണ്ടായെന്നും, ഈ ഇടപാടു സാധിച്ചുകിട്ടുന്നതിനായി വളരെ വലിയ ഒരു തുക ബോഫോർസ്കമ്പനി ഇന്ത്യയിലെ ഏതോ ഇടനിലക്കാർക്കു കോഴയായി കൊടുത്തുവെന്നുമുള്ള ആരോപണം സ്വീഡിഷ് റേഡിയോ ഉന്നയിച്ചതു്. ഈ മൂന്ന് അപവാദങ്ങളും ഇപ്പോൾ അന്വേഷണത്തിലിരിക്കുകയാണ്. ശരിക്ക് അന്വേഷിച്ചാൽ, അന്വേഷിച്ചില്ലെങ്കിലും, എന്തെല്ലാം രഹസ്യങ്ങളാണു പുറത്തുവരികയെന്നും, അവ ഇന്ത്യയിൽ ആരുടെയൊക്കെ രാഷ്ട്രീയ ഭാവിയെയാണു നശിപ്പിക്കുക എന്നും കാത്തിരുന്നു കാണുകതന്നെവേണം.

അടുത്തകാലത്തു് ബംഗാളിലും കേരളത്തിലും സംസ്ഥാനനിയമസഭകളിലേക്കു നടന്ന തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്പാർട്ടി പരാജയപ്പെട്ടിരിക്കുകയാണ്. ഇനി ജൂലൈമാസത്തിൽ ഹരിയാനയിൽ നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിലും ഈ പരാജയം ആവർത്തിക്കുന്നപക്ഷം ജനങ്ങളുടെ വിശ്വാസം നശിച്ച കോൺഗ്രസ്പാർട്ടിക്കു ഭൂരിപക്ഷമുള്ള പാർലമെൻറ് പിരിച്ചുവിട്ടു പുതിയ പൊതുതിരഞ്ഞെടുപ്പു നടത്തണമെന്നാവശ്യപ്പെട്ട് എതിർപാർട്ടിക്കാർ എല്ലാവരും ചേർന്നു പ്രക്ഷോഭണം തുടങ്ങിക്കൂടായ്കയില്ല. അതുണ്ടായില്ലെങ്കിൽത്തന്നെ, സ്വാഭാവികഗതിയിൽ ഇനി നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനുശേഷം പാർലമെൻറിൽ കോൺഗ്രസ്സിനു ഭൂരിപക്ഷം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടു്.

കോൺഗ്രസ്സിനു കേന്ദ്രത്തിൽ കൈമോശംവരുന്ന അധികാരം വഹിക്കാൻ തങ്ങൾക്കു കഴിയുമെന്ന വിശ്വാസം ഏപ്രിൽ അവസാനവാരത്തിൽ ബാംഗ്ളൂരിൽ സമ്മേളിച്ച ജനതാപാർട്ടി പ്രകടിപ്പിക്കുകയുണ്ടായി. കർണാടകസംസ്ഥാനത്തിൽ മാത്രമേ ജനതാപാർട്ടിക്ക് ജനകീയ—അടിസ്ഥാനം ഇപ്പോൾ ഉള്ളു. സമർത്ഥനായ ഒരു ഭരണാധികാരിയാണ് താനെന്ന ധാരണ ജനങ്ങളിൽ ഉളവാക്കുവാൻ ജനതാപാർട്ടിയുടെ നേതാക്കളിൽ ഒരാളും കർണാടകത്തിലെ മുഖ്യമന്ത്രിയുമായ ശ്രീ രാമകൃഷ്ണ

ഹെഗ്ഡേയ്ക്കു് ഇതിനകം കഴിഞ്ഞിട്ടുണ്ട്. പക്ഷേ, അത്രയുംകൊണ്ടുമാത്രം വരാനിരിക്കുന്ന പൊതു തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി പാർലമെൻറിലെ മുഖ്യ പാർട്ടിയായിത്തീരാൻ 'ജനത'യ്ക്കു കഴിയുമെന്നു് ഇപ്പോൾ ആരും വിശ്വസിക്കുന്നില്ല.

ഈ പശ്ചാത്തലത്തിലാണു്, ഏപ്രിൽ 25—ാം തീയതി ദില്ലിയിൽ ബംഗാൾ മുഖ്യമന്ത്രി ശ്രീ ജ്യോതിബസു വിളിച്ചുകൂട്ടിയ ആറു് കോൺഗ്രസ്—ഇതര മുഖ്യമന്ത്രിമാരുടെ സമ്മേളനത്തെ നാം വിലയിരുത്തേണ്ടതു്. ശ്രീ ജ്യോതിബസുവിനു പുറമെ, ആന്ധ്രപ്രദേശിലെ ശ്രീ എൻ. ടി. രാമറാവു, കർണാടകത്തിലെ ശ്രീ രാമകൃഷ്ണഹെഗ്ഡെ, പഞ്ചാബിലെ ശ്രീ സുർജിത്സിംഹ് ബർണാല, ത്രിപുരയിലെ ശ്രീ നൃപേൻ ചക്രവർത്തി, കേരളത്തിലെ ശ്രീ ഇ. കെ നായനാർ എന്നീ മുഖ്യമന്ത്രിമാരും ഈ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. കേന്ദ്രത്തിൽ കോൺഗ്രസ്സിനു പകരം നിൽക്കാവുന്ന, പ്രവർത്തനക്ഷമവും വിശ്വാസ്യവുമായ, ഒരു വികല്പം സൃഷ്ടിക്കുക എന്നതാണു് തങ്ങളുടെ ദീർഘകാലലക്ഷ്യം എന്ന വസ്തുത ഈ മുഖ്യമന്ത്രിസമ്മേളനം മറച്ചുവെക്കുകയുണ്ടായില്ല.

ഈ വികല്പത്തിന്റെ രൂപം എന്തായിരിക്കും? മാർക്സിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണികളാണു് ബംഗാളിലും കേരളത്തിലും ത്രിപുരയിലും ഇപ്പോൾ അധികാരം വഹിക്കുന്നതു്. ആന്ധ്രപ്രദേശത്തിൽ അധികാരം വഹിക്കുന്നതു് 'തെലുഗുദേശം' എന്ന പാർട്ടിയാണു്. 'ഭാരതദേശം' ആയി വികസിക്കാൻ ആഗ്രഹമുണ്ടെങ്കിലും 'തെലുഗുദേശം' ഇപ്പോൾ ഒരു പ്രാദേശികപ്പാർട്ടി മാത്രമാകുന്നു. പഞ്ചാബിൽ, കോൺഗ്രസ്സിന്റെ സഹായത്തോടെയാണെങ്കിലും സിഖുകാരുടേതായ അകാലി പാർട്ടിയാണു ഭരണം നടത്തിപ്പോരുന്നതു്. അഖിലേന്ത്യാ പാർട്ടിയാണെങ്കിലും 'ജനത'യ്ക്കു് കർണാടകത്തിൽ മാത്രമേ കുറെയെങ്കിലും സ്വാധീനമുള്ളൂ. പരസ്പരം ലയിച്ചു് തങ്ങളുടെ വ്യക്തിത്വം നഷ്ടപ്പെടുത്താൻ ഈ പാർട്ടികളിലൊന്നിനും ആഗ്രഹമില്ല. ഒററയ്ക്കു കേന്ദ്രത്തിൽ അധികാരത്തിൽവരാൻ ആവശ്യമായ സംവിധാനം ഇപ്പോൾ അവയിൽ ഒന്നിനുമില്ല. ആ സ്ഥിതിക്കു്, ഒരു മിനിമംപരിപാടിയുടെ അടിസ്ഥാനത്തിൽ, സമാനമനസ്സുള്ള പാർട്ടികൾ എല്ലാം ചേർന്നു് ഒരു കൂട്ടുമുന്നണി രൂപവൽക്കരിച്ചു തിരഞ്ഞെടുപ്പിൽ മത്സരിക്കുക മാത്രമാണു പോംവഴി. ഇതിനുള്ള വിശദാംശങ്ങൾ ഏപ്രിൽ 25—ാം തീയതിയിലെ മുഖ്യമന്ത്രിസമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ടില്ല. പകരം, തങ്ങൾ പ്രതിനിധാനം ചെയ്യുന്ന പാർട്ടികളുടെ നേതാക്കൾ മെയ്മാസത്തിൽ സമ്മേളിച്ചു് ഇക്കാര്യങ്ങൾ ചർച്ചചെയ്യണമെന്നു് മുഖ്യമന്ത്രിമാർ തീരുമാനിക്കുകയാണുണ്ടായതു്. കുറച്ചെങ്കിലും വിശദമായി ഭാവിപരിപാടിയെപ്പററി ദില്ലിസമ്മേളനത്തിൽ സംസാരിച്ചതു് ആന്ധ്ര മുഖ്യമന്ത്രി ശ്രീ രാമറാവു ആയിരുന്നു. കോൺഗ്രസ്—ഇതര പാർട്ടികൾ സമാനങ്ങളായ ആദർശങ്ങളുടേയും നയങ്ങളുടേയും അടിസ്ഥാനത്തിൽ ഒരു മിനിമംപരിപാടി ആവിഷ്ക്കരിക്കുകയും, അതു നടപ്പിൽ വരുത്താൻ തക്ക സംഘടനച്ചട്ടക്കൂടു് നിർമിക്കുകയും വേണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. കാലക്രമത്തിൽ ഈ സംഘടന സമാനമനസ്സുള്ള കോൺഗ്രസ്—ഇതര രാഷ്ട്രീയ പാർട്ടികളുടെ ഒരു കോൺഫെഡറേഷനായി വളരണം. ശ്രീ ഹെഗ്ഡേയും ഈ അഭിപ്രായത്തോടു യോജിച്ചു. എന്നാൽ, അത്തരമൊരു കോൺഫെഡറേഷനിൽ ചേർന്നു സ്വന്തം പാർട്ടിയുടെ വ്യക്തിത്വം നശിപ്പിക്കുന്നതിൽ ശ്രീ ജ്യോതിബസുവിനു താല്പര്യമുണ്ടായിരുന്നില്ല എന്നാണു് അറിയുന്നതു്. കോൺഫെഡറേഷൻ രൂപവൽക്കരണം സംബന്ധിച്ച നിർദേശം ഏതായാലും, മെയ്മാസത്തിലെ പാർട്ടിനേതാക്കളുടെ സമ്മേളനത്തിൽ ചർച്ചചെയ്യപ്പെടും.

ദീർഘകാല പ്രാധാന്യമുള്ള ഈ സംഘടനാപ്രശ്നം പരിഹരിക്കുവാൻ ഏറെക്കാലം വേണ്ടിവന്നേക്കാം. അതിനിടയ്ക്കു, താൽക്കാലിക പ്രശ്നങ്ങളിൽ യോജിച്ചുപ്രവർത്തിക്കാൻ കോൺഗ്രസ്—ഇതര മുഖ്യമന്ത്രിമാർക്കു കഴിയുമോ? ഉദാഹരണത്തിനു്, 1987 ജൂലൈമാസത്തിൽ രാഷ്ട്രപതി സ്ഥാനത്തേക്കു നടക്കുവാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ അവർ എന്തു നിലപാടാണു കൈക്കൊള്ളുക? അതിനകം കോൺഗ്രസ്പാർട്ടി നെടുകെ പിളർന്നുപോകുന്നില്ലെങ്കിൽ, പാർലമെൻറിലും നിയമസഭകളിലുമുള്ള വലിയ ഭൂരിപക്ഷം ഉപയോഗപ്പെടുത്തി, തങ്ങൾ നിർദേശിക്കുന്ന സ്ഥാനാർത്ഥിയെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കുവാൻ കോൺഗ്രസ്സിനു പ്രയാസമുണ്ടാവില്ല. എങ്കിലും, എല്ലാ പാർട്ടികളും യോജിച്ച് ഇടതുപക്ഷച്ചായ്‌വുള്ള ഒരാളെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കണമെന്നു് പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധി നിർദേശിച്ചിട്ടുണ്ടു്. ഈ നിർദേശം കൈക്കൊണ്ടു്, തങ്ങൾക്കുകൂടി സ്വീകാര്യനായ ഒരാളെ രാഷ്ട്രപതി സ്ഥാനത്തെത്തിക്കുന്നതിനു ശ്രമിക്കുകയാണോ കോൺഗ്രസ്—ഇതര മുഖ്യമന്ത്രിമാർ ചെയ്യേണ്ടതു്? അതോ, ഇതിനുമുമ്പു ചെയ്തുവന്നതുപോലെ തോൽക്കുമെന്നു് ഉറപ്പുള്ളപ്പോൾത്തന്നെ മറ്റൊരു സ്ഥാനാർത്ഥിക്കു പിന്തുണനൽകുകയോ?

ചില അടിസ്ഥാന കാര്യങ്ങളിൽ കോൺഗ്രസ്—ഇതര—മുഖ്യമന്ത്രിമാർക്കിടയിൽ യോജിപ്പുള്ളതായി വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടു്. ഭൂപരിഷ്കരണം സംബന്ധിച്ചു് അവർക്കെല്ലാം ഒരേ അഭിപ്രായമാണുള്ളതത്രേ. ഇന്നുള്ളതിൽനിന്നു വ്യത്യസ്തമാവണം സാമ്പത്തിക—ഉൽപാദനത്തോടുള്ള സർക്കാരിൻെറ സമീപനം എന്നതിലും അവർ യോജിക്കുന്നു. നിത്യോപഭോഗവസ്തുക്കളുടെ പൊതുവിതരണത്തിൻെറ മേൽ സർക്കാരിനു നിയന്ത്രണമുണ്ടായിരിക്കണമെന്നു് അവർ വിശ്വസിക്കുന്നു. പെട്രോൾ, കല്ക്കരി മുതലായ അവശ്യവസ്തുക്കളുടെ വില കേന്ദ്രസർക്കാർ കൂടെക്കൂടെ ഏകപക്ഷീയമായി വർദ്ധിപ്പിക്കുന്നതിനു് അവർ എതിരാണു്. സ്റ്റേറ്റുകളും ബാങ്കുകളും തമ്മിലുണ്ടായിരിക്കേണ്ട ബന്ധങ്ങളെക്കുറിച്ചും അവർക്കു ചില പൊതുധാരണകളുണ്ടു്. കേന്ദ്രഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു വർദ്ധിച്ചക്ഷാമബത്ത നൽകുന്നതുകൊണ്ടു് സ്റ്റേറ്റ് തലത്തിൽ ഉണ്ടാവുന്ന പ്രത്യാഘാതങ്ങൾ, സ്റ്റേറ്റുകൾക്കു് അനുവദിക്കപ്പെട്ട ഓവർ ഡ്രാഫ്റ്റുകൾ, മുതലായ മററു ചില വിഷയങ്ങളിലുമുണ്ടു് അവർക്കു സമാനങ്ങളായ ആശയങ്ങൾ. സ്റ്റേറ്റുകളും കേന്ദ്രവും തമ്മിലുള്ള ബന്ധങ്ങൾ വീണ്ടും പരിശോധിക്കുന്നതിനു് ഇന്ദിരാഗാന്ധി നിയമിച്ച സർക്കാരിയാ കമ്മീഷൻെറ റിപ്പോർട്ടു് സമർപ്പിക്കുന്നതിൽ വരുന്ന കാലതാമസത്തിൽ അവർക്കു് ആശങ്കയുണ്ടു്. കേന്ദ്രത്തിൻെറമേൽ സ്റ്റേറ്റുകൾ യോജിച്ചു സമ്മർദം ചെലുത്തുന്നതിനും, സ്റ്റേറ്റുകൾ തമ്മിൽ തർക്കമുള്ള പ്രശ്നങ്ങളിൽ തൃപ്തികരമായ പരിഹാരം ഉണ്ടാക്കുന്നതിനുമായി 'ഇൻറർ സ്റ്റേറ്റ് കൗൺസിൽ' എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടാക്കണമെന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാണു്. ചുരുക്കത്തിൽ, കേന്ദ്രത്തിൽനിന്നു കൂടുതൽ ആനുകൂല്യങ്ങൾ സ്റ്റേറ്റുകൾക്കു നേടിയെടുക്കുന്നതിനായി ഒത്തൊരുമിച്ചു സമ്മർദം ചെലുത്തുകയായിരിക്കും കോൺഗ്രസ്—ഇതര—മുഖ്യമന്ത്രിമാരുടെ സംയോജിതപ്രവർത്തനപരിപാടിയിൽ ആദ്യത്തെ ഇനം.

എല്ലാ കോൺഗ്രസ്—ഇതര—മുഖ്യമന്ത്രിമാരും ദില്ലിസമ്മേളനത്തിലേക്കു ക്ഷണിക്കപ്പെട്ടിരുന്നില്ല. തമിഴ്നാട്ടിലെ ശ്രീ എം. ജി. രാമചന്ദ്രൻ, കാശ്മീരിലെ ശ്രീ ഫാറൂഖ് അബ്ദുള്ള എന്നിവരെ കോൺഗ്രസ്സിനെ വലിയതോതിൽ ആശ്രയിക്കുന്നു എന്ന കാരണത്താൽ, ശ്രീ ജ്യോതിബസു സമ്മേളനത്തിലേക്കു ക്ഷണിക്കാതെവിട്ടു. സിക്കിമിലെ ശ്രീ നർബഹദൂർഭണ്ഡാരി, മിസോറമിലെ ശ്രീ ലാൽഡെംഗ എന്നിവരെ

യും, അവരുടെ ബംഗാളി–വിരുദ്ധ നിലപാടുകാരണമായിരിക്കാം, മുഖ്യമന്ത്രി സമ്മേളനത്തിലേക്കു ശ്രീ ബസു ക്ഷണിച്ചില്ല. ക്ഷണിക്കപ്പെട്ടെങ്കിലും അസമിലെ ശ്രീ മഹന്ത സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായില്ല. വ്യത്യസ്തങ്ങളായ പശ്ചാത്തലങ്ങളും കാഴ്ചപ്പാടുകളുമുള്ള പാർട്ടികളെ ഏകീകരിച്ചുനിർത്താനാവശ്യമായ പശിമ 'കോൺഗ്രസ്–ഇതരത്വ'ത്തിന് ഇനിയും കൈവന്നു കഴിഞ്ഞിട്ടില്ല എന്നു വ്യക്തമാണ്.

കോൺഗ്രസ്സിനെതിരായ ഒരു വികല്പമെന്ന നിലയിൽ, കേന്ദ്രത്തിൽ ഒററയ്ക്ക് അരങ്ങേറാനുള്ള കഴിവ് ഇന്ത്യയിലെ ഒരു പാർട്ടിക്കും ഇനിയും കൈവന്നുകഴിഞ്ഞിട്ടില്ല. കോൺഗ്രസ്–ഇതര–പാർട്ടികൾ യോജിച്ച്, ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ രൂപവത്കരിക്കുന്ന 'കോൺഫെഡറേഷൻ' കോൺഗ്രസ്സിനെ സ്ഥാനഭ്രഷ്ടമാക്കി അതിന്റെ സ്ഥാനം കാര്യക്ഷമമായി കൈയടക്കുക എന്നതും, ഇന്നത്തെ നിലവെച്ചു നോക്കുമ്പോൾ, അതിവിദൂരത്തിലുള്ള ഒരു സ്വപ്നം മാത്രമാകുന്നു. ആഭ്യന്തരങ്ങളായ വൈരുധ്യങ്ങൾ മൂർച്ഛിച്ച് അടുത്ത ഭാവിയിൽ കോൺഗ്രസ് പാർട്ടി ഛിന്നഭിന്നമാവുകയാണെങ്കിൽ, ഏറെക്കുറെ അരാജകത്വതുല്യമായ ഒരു സ്ഥിതിവിശേഷമായിരിക്കും കേന്ദ്രത്തിൽ ഉളവാകുക. രാഷ്ട്രത്തിലാകെ അതിന്റെ പ്രത്യാഘാതങ്ങൾ ദീർഘങ്ങളും ദാരുണങ്ങളുമായിരിക്കാനാണു സാധ്യത.

(4 മേയ്, 1987)

## 22. കേരളം ഇടത്തോട്ട്

ഒരിക്കൽക്കൂടി കേരളം ഇടത്തോട്ടു നീങ്ങിയിരിക്കുന്നു; ഒമ്പതാമത്തെ പൊതുതിരഞ്ഞെടുപ്പിലൂടെ കേരളത്തിലെ ജനങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതു–ജനാധിപത്യമുന്നണിയെ അധികാരത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. പ്രകടമായി മതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മുസ്ലിം ലീഗിനും അപ്രകടമായി മതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതെന്നു കരുതപ്പെടുന്ന കേരള കോൺഗ്രസ്സിന്റെ രണ്ടുവിഭാഗങ്ങൾക്കും പങ്കാളിത്തമില്ലാത്തതാണ് ഈ മുന്നണി. അക്കാരണത്താൽ, വേണമെങ്കിൽ, മതനിരപേക്ഷമായ ഒരു മുന്നണിയാണ് ഇപ്പോൾ അധികാരം നേടിയിട്ടുള്ളത് എന്നു പറയാം. 1957–ൽ, കേരള സംസ്ഥാന രൂപവൽക്കരണത്തെത്തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്നതിനുശേഷം, ഇപ്പോൾ മാത്രമാണ് ഇത്തരം മതനിരപേക്ഷത കേരളത്തിൽ ഭരണകക്ഷികൾക്കു കൈവരുന്നത്. തിരഞ്ഞെടുപ്പിലൂടെ അധികാരം പിടിച്ചെടുക്കുന്നതിനു മാത്രമല്ല, പിടിച്ചെടുത്ത അധികാരത്തിന്റെ ഭൗതികഫലങ്ങൾ പങ്കിട്ടെടുക്കുന്നതിനും ജാതിയേയും മതത്തേയും പരമാവധി ചൂഷണംചെയ്തു പരിചയിച്ചുപോന്ന കേരളത്തിലെ ജനങ്ങൾ ഈ ചുററുപാടിൽ എങ്ങനെ പ്രതികരിക്കുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. കുപ്രസിദ്ധമായ പഴയ 'വിമോചന' സമരം ആവർത്തിക്കുന്നതിനു സാധ്യതയില്ലെങ്കിലും, മത–ജാതി–വിഭാഗങ്ങളുടെ നിക്ഷിപ്തതാല്പര്യങ്ങളെ ആഴത്തിൽ സ്പർശിക്കുന്നതിനു സർക്കാർ ശ്രമിക്കുന്ന പക്ഷം അധികാരത്തിൽനിന്നു തല്ക്കാലം അകററിനിർത്തപ്പെട്ട ആ വിഭാഗങ്ങൾ ശക്തിയായി ചെറുക്കുമെന്നും, ആ എതിർപ്പ് ജനാധിപത്യത്തിന്റെ സാമാന്യമര്യാദകളിൽ ഒതുങ്ങി നില്ക്കുന്നതായിക്കൊള്ളണമെന്നില്ലെന്നുംവേണം കരുതാൻ.